**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 437

15.11.2019 - ൽ മറുപടിക്ക്.

# കുടുംബശ്രീ മിഷന്റെ മുറ്റത്തെ മുല്ല പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ.ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന മുറ്റത്തെ മുല്ല പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) 'മുറ്റത്തെ മുല്ല പദ്ധതി' കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്.ഗ്രാമീണ ജനതയെ കടക്കെണിയിലൂടെ ദുരിതത്തിലാക്കി പീഡിപ്പിക്കുന്ന കൊള്ളപലിശക്കാരിൽ നിന്നും സ്വകാര്യ മൈക്രോ ഫൈനാൻസ് സ്ഥാപനങ്ങളിൽ നിന്നും മോചിപ്പിക്കുന്നതിനായാണ് സഹകരണ വകുപ്പ് മുറ്റത്തെ മുല്ല എന്ന ലഘുഗ്രാമീണ വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. വായ്പ എടുക്കുന്നതിന് വ്യവസ്ഥാപിത മാർഗ്ഗങ്ങളോട് വിമുഖത കാണിക്കുന്ന ഗ്രാമീണ ജനതയെ അവരുടെ വീട്ടുമുറ്റത്തെത്തി ഏറ്റവും ലളിതമായ വ്യവസ്ഥയിൽ കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകി സഹായിക്കുക എന്നതാണ് പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. കുറഞ്ഞ പലിശ നിരക്കിൽ വായ്പയുമായി കുടുംബശ്രീ പ്രവർത്തകർ വീട്ടുമുറ്റത്ത് എത്തുന്നത്, കുടുംബശ്രീ പ്രസ്ഥാനത്തിനും പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഗ്രാമീണ മേഖലയിലെ പിന്നോക്കാവസ്ഥയിലായ ജനവിഭാഗത്തിനും ഏറെ പ്രയോജനകരമാണ്. 2017-ൽ പാലക്കാട് ജില്ലയിൽ ആരംഭിച്ച പദ്ധതിയിൽ 40,328 ഗുണഭോക്താക്കൾക്കായി 100.24 കോടി രൂപ നാളിതുവരെ വായ്പയായി നൽകി കഴിഞ്ഞു. പാലക്കാട് ജില്ലയിലെ വിജയത്തെതുടർന്ന് മറ്റു ജില്ലയിലേയ്ക്കും പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. |
| (ബി) നിലവിൽ എത്ര ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; | (ബി) നിലവിൽ പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോട്ടയം, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 11 ജില്ലകളിലാണ് മുറ്റത്തെ മുല്ല പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |

(സി) മുറ്റത്തെ മുല്ല പദ്ധതിക്ക് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് കുടുംബശ്രീ നിഷ്കർഷിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(സി) 'മുറ്റത്തെ മുല്ല' പദ്ധതി നടത്തിപ്പിനായി പ്രത്യേക മാർഗ്ഗനിർദ്ദേശം കുടുംബശ്രീ പുറപ്പെടുവിച്ചിട്ടില്ല. ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ കുടുംബശ്രീ ജില്ലാ മിഷൻ പ്രതിനിധികളുമായി ചർച്ച ചെയ്ത്, പദ്ധതി നടത്തിപ്പിനുള്ള സിഡിഎസ്സിനെ തീരുമാനിക്കുകയും ഓരോ പ്രദേശത്തെയും ആവശ്യക്കാരുടെ എണ്ണമനുസരിച്ച് ഓരോ വാർഡിലേയും 1 മുതൽ 3 വരെ കുടുംബശ്രീ അയൽക്കൂട്ടങ്ങളെ (കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളെ) കണ്ടെത്തി നൽകുകയും ചെയ്യുന്നു. തുടർന്ന്, സഹകരണ സംഘങ്ങൾ ഈ അയൽക്കൂട്ടങ്ങൾ വഴി മുറ്റത്തെ മുല്ല വായ്പാ പദ്ധതി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. സഹകരണ സംഘങ്ങൾ തെരഞ്ഞെടുത്ത അയൽക്കൂട്ടങ്ങൾക്ക് 10 ലക്ഷം രൂപ വരെ 9% പലിശയ്ക്ക് നൽകുകയും ഈ തുക അയൽക്കൂട്ടം വ്യക്തികൾക്ക് 12% പലിശയ്ക്ക് വായ്പയായി നൽകുകയുമാണ് ചെയ്യുന്നത്. 3% പലിശ കുടുംബശ്രീ യൂണിറ്റുകൾക്ക് ഇക്കാര്യത്തിലുള്ള പ്രവർത്തന ചെലവിനുവേണ്ടി വിനിയോഗിക്കാവുന്നതാണ്. 1000 രൂപ മുതൽ 50000 രൂപവരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. ആഴ്ചയിൽ തിരിച്ചടയ്ക്കുന്ന ഈ വായ്പയുടെ കാലാവധി ഒരു വർഷമാണ്.

സെക്ഷൻ ഓഫീസർ